**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 587** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ആലത്തൂർ നിയോജക മണ്ഡലത്തിലെ 33 കെ.വി.സബ്സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജക മണ്ഡലത്തിൽ 33 കെ.വി.സബ്സ്റ്റേഷന്റെ ശേഷി 10 എം.വി.എ. യിൽ നിന്നും 15 എം.വി.എ. യിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** ആലത്തൂർ നിയോജക മണ്ഡലത്തിൽ 33 കെ.വി സബ്സ്റ്റേഷന്റെ ശേഷി വർധിപ്പിക്കുന്ന പദ്ധതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ഫൗണ്ടേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയും; പദ്ധതി പൂർത്തിയാകുമ്പോൾ മണ്ഡലത്തിലെ വൈദ്യുത മേഖലയിൽ ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പദ്ധതി 31.01.2027-ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷന്റെ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെ ഭാവിയിലുണ്ടാകുന്ന ഏകദേശം 7% വരെയുള്ള ലോഡ് വളർച്ചയെ (load growth) തൃപ്തികരമായി നേരിടാൻ സാധിക്കും. സബ്സ്റ്റേഷന്റെ ശേഷി കൂട്ടുന്നതിലൂടെ അവിടെ നിന്ന് വൈദ്യുതി വിതരണം ചെയ്യുന്ന ആലത്തൂർ ടൗൺ, മലയംപോതി, വണ്ണൂർ എന്നീ ഫീഡറുകൾ പോകുന്ന പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുകയും ചെയ്യും.

**(സി)** കെ.എസ്.ഇ.ബി. മുഖേന കൂടുതൽ ലൈനുകളും, ഫീഡറുകളും സ്ഥാപിച്ച് കാർഷിക മേഖലയുടെ വികസനം സാധ്യമാക്കുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കാർഷിക മേഖലകളായ പുഞ്ച, കോൾ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി, 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന ദ്യുതി-2.0 പദ്ധതിയിലും കേന്ദ്ര ഊർജ മന്ത്രാലയം ആവിഷ്കരിച്ച Revamped Distribution Sector Scheme (RDSS)-ലും ഉൾപ്പെടുത്തി പുതിയ ലൈനുകളുടെ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം, നിലവിലുള്ള ലൈനുകളുടെ ശേഷി വർധിപ്പിക്കൽ, റീ-കണ്ടക്ടറിംഗ് തുടങ്ങിയ വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan – ദ്യുതി-3.0 പദ്ധതിയിലും ഇത്തരത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**